**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 893** | **12-06-2024 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് കേന്ദ്ര സഹായമുള്ള ആനുകൂല്യങ്ങൾ**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീമതി കാനത്തിൽ ജമീല</td><td colspan="2">ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നൽകി കൊണ്ടിരിക്കുന്ന ഏതൊക്കെ ആനുകൂല്യങ്ങൾക്കാണ് കേന്ദ്ര സഹായമുള്ളതെന്ന് വ്യക്തമാക്കുമോ;</td><td>(എ)</td><td><u>പട്ടികവർഗ്ഗം</u><br><br>പട്ടികവർഗ്ഗ വിഭാഗത്തിനായി കേന്ദ്ര സർക്കാർ ചുവടെ പറയുന്ന പദ്ധതികൾക്കായി ഭാഗികമായി സഹായം നൽകി വരുന്നു.<br><br>1. അതിക്രമ തടയൽ നിയമം 1989 പ്രകാരമുള്ള നടപടി ക്രമങ്ങളിൽ ഭാഗമായുള്ള ധനസഹായം അനുവദിക്കൽ<br>2. പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ്<br>3. പ്രീമെട്രിക് സ്കോളർഷിപ്പ് - കുടുംബ വാർഷിക വരുമാനം 2.50 ലക്ഷം രൂപയിൽ കുറവുള്ളതും 9,10 ക്ലാസുകളിൽ പഠിക്കുന്നതുമായ വിദ്യാർഥികൾക്ക് പ്രീമെട്രിക് സ്കോളർഷിപ്പ് നൽകിവരുന്നു<br>4. ആർട്ടിക്കിൾ 275 (1 )- ഗ്രാന്റ് ഇൻ എയ്ഡ് പ്രകാരമുള്ള വികസന പദ്ധതികൾ (നൂറ് ശതമാനം വിഹിതം )<br>5. കൺസർവേഷൻ കം ഡവലപ്മെന്റ് പ്ലാൻ (പ്രത്യേക ദുർബല ഗോത്ര വിഭാഗങ്ങൾക്കുള്ള വികസന പദ്ധതി ) - (2023 -24 വർഷം മുതൽ PM -JANMAN പദ്ധതിയായി ആവിഷ്കരിച്ചിട്ടുണ്ട്)<br>6. ഏകലവ്യാമോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ ദൈനംദിനം പ്രവർത്തനങ്ങൾക്കുള്ള ധനസഹായം<br><br>PMAAGY-പ്രധാനമന്ത്രി ആദി ആദർശ് ഗ്രാമ യോജന (പട്ടികവർഗ്ഗ ഉപപദ്ധതികൾക്കുള്ള പ്രത്യേക കേന്ദ്ര സഹായം.)<br><br><u>പട്ടികജാതി</u></td></tr>
</table>

| | | | |
|---|---|---|---|
| | | | പട്ടികജാതി വിഭാഗത്തിനായി കേന്ദ്ര സർക്കാർ ചുവടെ പറയുന്ന പദ്ധതികൾക്കായി വ്യത്യസ്ത നിരക്കിൽ സഹായം നൽകി വരുന്നു.<br>1. പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ്മെട്രിക് പദ്ധതി<br>2. 9,10 ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതി<br>3. ആരോഗ്യഹാനിക്ക് ഇടയാക്കുന്ന സാഹചര്യങ്ങളിൽ തൊഴിലെടുക്കുന്നവരുടെ കുട്ടികൾക്കുള്ള പ്രീമെട്രിക് സ്കോളർഷിപ്പ്<br>4. അതിക്രമം തടയൽ പദ്ധതി<br>5. PM – AJAY പദ്ധതി |
| (ബി) | ഇതിൽ ഏതെങ്കിലും ആനുകൂല്യങ്ങൾക്ക് 2016-നു ശേഷം കേന്ദ്രസഹായം നിർത്തലാക്കുകയോ കുടിശ്ശിക വരുത്തുകയോ ചെയ്തിട്ടുണ്ടോ; | (ബി) | **<u>പട്ടികവർഗ്ഗം</u>**<br>100% കേന്ദ്രാവിഷ്കൃത പദ്ധതിയായിരുന്ന പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതി 2017-18 വർഷം മുതൽ 75% കേന്ദ്ര ധനസഹായവും 25% സംസ്ഥാന ധനസഹായവുമായി മാറ്റിയിട്ടുണ്ട്. 2017-18, 2022-23 എന്നീ വർഷങ്ങളിൽ കേന്ദ്ര ധനസഹായം യഥാസമയം ലഭിച്ചിരുന്നില്ലെങ്കിലും തൊട്ടടുത്ത വർഷം കുടിശ്ശിക തുക കൂടി ചേർത്ത് അനുവദിച്ച് നൽകിയിട്ടുണ്ട്.<br>**<u>പട്ടികജാതി</u>**<br>100% കേന്ദ്രാവിഷ്കൃത പദ്ധതിയായി നടപ്പിലാക്കിയിരുന്ന Upgradation of merit എന്ന പദ്ധതി കേന്ദ്ര സർക്കാർ നിർത്തലാക്കിയതിനെത്തുടർന്ന് 2021-2022 മുതൽ സംസ്ഥാനത്ത് നടപ്പാക്കുന്നില്ല. |
| (സി) | പ്രസ്തുത പദ്ധതികളിൽ കേന്ദ്രസഹായത്തിൽ വന്ന കുറവു കാരണം ഏതെങ്കിലും പദ്ധതി മുടങ്ങി പോവുകയോ നിർത്തലാക്കുകയോ ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) | കേന്ദ്രസഹായത്തിൽ വന്ന കുറവു കാരണം പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിൽ പദ്ധതി മുടങ്ങി പോകുകയോ നിർത്തലാക്കുകയോ ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ